# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4135

## 13-12-2018 ൽ മറുപടിക്ക്

## കിഫ്ബിയിലെ വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്തിരിക്കുന്നത് ബോർഡാണോ അതോ ഫിനാൻസ് ഡിപ്പാർട്ട്മെന്റാണോയെന്ന് വ്യക്തമാക്കുമോ; | കിഫ്ബിയാണ് വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിട്ടുള്ളത്. |
| (ബി) പ്രസ്തുത വാഹനങ്ങളിൽ ധനകാര്യ വകുപ്പിന്റെ ബോർഡ് വച്ചിട്ടുണ്ടോ; | ഉണ്ട്. |
| (സി) കിഫ്ബി ആണ് വാഹനങ്ങൾ കരാറിൽ വാങ്ങിയതെങ്കിൽ ധനകാര്യ വകുപ്പിന്റെ പേര് ഉപയോഗിക്കുന്നത് നിയമപ്രകാരം ശരിയാണോ; അല്ലെങ്കിൽ ബോർഡ് നീക്കം ചെയ്യുമോ; | കിഫ്ബി ധനകാര്യവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് ആണ്. ധനകാര്യ ഇൻഫ്രാസ്ട്രക്ചർ വകുപ്പാണ് കിഫ്ബിയുടെ ഭരണം നിയന്ത്രിക്കുന്നത്. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ധനകാര്യ(ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ എക്സ് ഓഫീഷ്യോ സെക്രട്ടറിയാണ്. ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാലാണ് വാഹനങ്ങളിൽ ധനകാര്യ വകുപ്പിന്റെ ബോർഡ് വച്ചിട്ടുള്ളത്. |
| (ഡി) ഇപ്രകാരം ഏതൊക്കെ വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് മോഡൽ സഹിതം വ്യക്തമാക്കാമോ? | കിഫ്ബിയിൽ നിലവിൽ 2 ഇന്നോവ ക്രിസ്റ്റ, 3 ടോയോട്ട എറ്റിയോസ് കാർ, ഒരു ഹോണ്ടാ സിറ്റി കാർ ഒരു മഹീന്ദ്രാ ബൊലേറോ എന്നിവ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ